# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:734 27.04.2017-ൽ മറുപടിയ്ക്ക്**

**<u>തീരദേശ വികസനകോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ</u>**

| <u>ചോദ്യം</u><br>ശ്രീ.എം. സ്വരാജ് | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി എന്നും ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചു എന്നും വിശദാംശസഹിതം അറിയിക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. |
| ബി) ഇനി ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാനുണ്ട് എന്ന് അറിയിക്കുമോ;<br><br>സി) ഇവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;<br><br>ഡി) എന്നത്തേക്ക് ഇവ ലഭ്യമാക്കുമെന്ന് അറിയിക്കുമോ? | ബി), സി) & ഡി) 2017-18 സാമ്പത്തിക വർഷത്തിൽ KIIFB യിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ താഴെപ്പറയുന്ന പദ്ധതികൾ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു.<br>1. കണ്ടന്നൂർ ജൂനിയർ ബോയ്സ് സ്കൂൾ, പുതിയ കെട്ടിട നിർമ്മാണം - 175.00 ലക്ഷം രൂപ<br>2. പൂത്തോട്ട ആശുപത്രി കെട്ടിട നിർമ്മാണം - 114.00 ലക്ഷം രൂപ<br><br>ആയത് KIIFB യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേക്കായി പുതുക്കി സമർപ്പിക്കാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ